പി.റ്റി(3) 4975/2026

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി 29-05-2026

## സർക്കുലർ നമ്പർ- 18/2026

വിഷയം :- സഹകരണ വകുപ്പ് - അന്തർദേശീയ സഹകരണ ദിനം -2026-ജൂലൈ 4- സർക്കിൾ സഹകരണ യൂണിയനുകൾ മുഖേന സ്റ്റാമ്പുകൾ സംഘങ്ങൾക്ക് വിൽപ്പന നടത്തുന്നതിന് അനുമതി- സംബന്ധിച്ച്.

സൂചന :- സംസ്ഥാന സഹകരണ യൂണിയൻ അഡീഷണൽ രജിസ്ട്രാർ- സെക്രട്ടറിയുടെ 25.05.2026 ലെ SCUK/133/2026 നമ്പർ കത്ത്.

ദേശീയ സഹകരണ യൂണിയൻ 2026 ജൂലൈ 4 അന്തർദേശീയ സഹകരണ ദിനമായി ആചരിക്കുന്നതിനും ആയതിന്റെ ഭാഗമായി അതത് സംസ്ഥാന സഹകരണയൂണിയനുകൾ പരമാവധി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, പ്രസ്തുത പ്രചരണ പരിപാടിയുടെ ഭാഗമായി സംസ്ഥാന സഹകരണ യൂണിയൻ അന്തർദേശീയ സഹകരണ ദിനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് തൻവർഷത്തെ ലോഗോ ഉൾപ്പെടുത്തി സ്റ്റാമ്പ് പുറത്തിറക്കുന്നുണ്ട്. ഈ സ്റ്റാമ്പ് സംസ്ഥാനത്തെ സർക്കിൾ സഹകരണ യൂണിയനുകൾ, സഹകരണ പരിശീലന കേന്ദ്രങ്ങൾ, സഹകരണ കോളേജുകൾ, ഹെഡ് ഓഫീസ്, കിക്മ, എന്നിവ മുഖാന്തിരം വിൽപ്പന നടത്തുന്നതിന് അനുമതി നല്കുന്നു. സംസ്ഥാനത്തെ സർക്കിൾസഹകരണ യൂണിയനുകളിൽ ഭരണസമിതി നിലവിലില്ലാത്ത സർക്കിളുകളിൽ ടി സർക്കിളുകളുടെ ചാർജ്ജ് വഹിക്കുന്ന ആഫീസർമാരും സംസ്ഥാന സഹകരണ യൂണിയനിൽ നിന്നും സ്റ്റാമ്പ് വാങ്ങി വിൽപ്പന നടത്തുന്നതിനും അന്തർദേശീയ സഹകരണ ദിനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സർക്കിൾ തലത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി,സംസ്ഥാന സഹകരണ യൂണിയൻ
2. എല്ലാ സർക്കിൾ സഹകരണ യൂണിയനുകൾക്കും (സംസ്ഥാന സഹകരണ യൂണിയൻ മുഖേന)
3. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
4. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ് )മാർക്കും
5. സഹകരണ ആഡിറ്റ് ഡയറക്ടർ
6. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
7. സഹകരണ സംഘം അഡീഷണൽ രജിസ്ട്രാറുടെ മേശപ്പുറത്ത്
8. സഹകരണ വീഥി
9. സ്റ്റോക്ക് ഫയൽ/സ്പെയർ